GOVERNMENT OF KERALA

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കണ്ടറി വിദ്യാഭ്യാസം - 2010-11 വർഷം അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമിക്കപ്പെട്ട ഗസ്റ്റ് അദ്ധ്യാപകർക്ക് ദിവസ വേതനം അനുവദിച്ചു കൊണ്ടുത്തരവാകുന്നു.

---

പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പ്

സ.ഉ.( കയ്യെഴുത്ത്) നം. 235/2011/പൊ.വി.വ. തീയതി, തിരുവനന്തപുരം, 23.11.2011.

---

പരാമർശം:- 1. സ.ഉ (കയ്യെഴുത്ത്)നം. 128/2010/ പൊ.വി.വ. തീയതി 20-10-2010
2. സ.ഉ (കയ്യെഴുത്ത്)നം. 168/2011/ പൊ.വി.വ. തീയതി 06-08-2011
3. സ.ഉ (കയ്യെഴുത്ത്)നം. 211/2011/ പൊ.വി.വ. തീയതി 24-10-2011

## <u>ഉത്തരവ്</u>

പരാമർശം 1 ലെ സർക്കാർ ഉത്തരവു പ്രകാരം തൃശൂർ ജില്ലയിലും മലബാർ മേഖലയിലെ 6 ജില്ലകളിലുമായി സർക്കാർ എയ്ഡഡ് മേഖലയിൽ 178 ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2010-11 അക്കാദമിക് വർഷത്തിൽ രണ്ട് ബാച്ച് വീതമുള്ള ഹയർ സെക്കണ്ടറി കോഴ്സുകൾ അനുവദിച്ച് ഉത്തരവ് നൽകിയിരുന്നു. അപ്രകാരം ഹയർ സെക്കണ്ടറി കോഴ്സുകൾ അനുവദിച്ച സ്കൂളുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് വരെ പ്ലസ് വൺ ക്ലാസ്സുകൾ ആരംഭിക്കുന്ന മുറയ്ക്ക് താൽക്കാലികമായി ഗസ്റ്റ് ലക്ചറർമാരെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കുവാൻ മേപ്പടി സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകുകയുണ്ടായി.

ഇത്തരത്തിൽ അനുവദിച്ച സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആവശ്യമായ അദ്ധ്യാപക തസ്തിക അനുവദിച്ച് കൊണ്ടു നിയമിക്കപ്പെട്ട ഗസ്റ്റ് ലക്ചറർമാർക്ക് അന്ന് നിലവിലിരുന്ന നിരക്കിനു ദിവസ വേതനം അവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ (2010-11 അദ്ധ്യയന വർഷം) അനുവദിച്ച് പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

പരാമർശം 1ലെ സർക്കാർ ഉത്തരവു പ്രകാരം അനുവദിച്ച എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾ 06-08-2011 തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ സൃഷ്ടിച്ചുകൊണ്ടു പരാമർശം 3 പ്രകാരം സർക്കാർ ഉത്തരവായി.

എന്നാൽ മേപ്പടി സർക്കാർ ഉത്തരവ് എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിൽ നിയമിക്കപ്പെട്ട ഗസ്റ്റ് ലക്ചറർമാർക്ക് ശമ്പളം നൽകുന്ന കാര്യം പരാമർശിച്ചിരുന്നില്ല. സർക്കാർ ഇക്കാര്യം വീണ്ടും പരിശോധിക്കുകയുണ്ടായി. പരാമർശം 1 ലെ സർക്കാർ ഉത്തരവു പ്രകാരം 2010-11 അദ്ധ്യയന വർഷത്തിൽ അനുവദിച്ച എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിൽ നിയമിക്കപ്പെട്ട ഗസ്റ്റ് ലക്ചറർമാർക്ക് അന്ന് നിലവിലിരുന്ന നിരക്കിൽ ദിവസ വേതനം അവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എം.ശിവശങ്കർ
ഗവൺമെന്റ് സെക്രട്ടറി

ഡയറക്ടർ, ഹയർ സെക്കണ്ടറി വിഭാഗം, തിരുവനന്തപുരം.
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം/എറണാകുളം/കോഴിക്കോട്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ